"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ കൊല്ലം മണ്ഡലത്തിലെ ടി. എസ്. കനാലിനു കുറുകെ കൊച്ചുപിലാമൂട്ടിലെ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണം - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.393/2024/PWD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 19.01.2024 തീയതിയിലെ എ എസ് കമ്മിറ്റി മിനിറ്റ്സ്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊല്ലം മണ്ഡലത്തിലെ ടി എസ് കനാലിനു കുറുകെ കൊച്ചുപിലാമൂട്ടിലെ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണത്തിനായി 921 ലക്ഷം രൂപയുടെ ഭരണാനുമതി 5054-04-101-99-00-16(PV)MDR എന്ന ശീർഷകത്തിൽ നൽകുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ 19.01.2024-ൽ ചേർന്ന എ എസ് കമ്മിറ്റി പരിശോധിക്കുകയും എസ്റ്റിമേറ്റ് തുക 5 കോടി രൂപയിൽ കൂടുതലായതിനാൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കൊല്ലം മണ്ഡലത്തിലെ ടി എസ് കനാലിനു കുറുകെ കൊച്ചുപിലാമൂട്ടിലെ നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 921 ലക്ഷം രൂപ(ഒൻപത് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം)യുടെ ഭരണാനുമതി, എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി 5054-04-101-99-00-16(PV)MDR എന്ന ശീർഷകത്തിൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, ദക്ഷിണ മേഖല, ആലപ്പുഴ.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, കൊല്ലം.
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ് (14.03.2024 തീയതിയിലെ <u>I&PW-B1/63/2024-Fin (E 2722258)</u> നമ്പർ അഭിപ്രായക്കുറിപ്പ് മുഖേന )

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
T S Sreeja
Date: 16-03-2024 14:21:23

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.